നം. ഇ.എസ്2-14424/2021/ആ.വ.ഡ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം,തീയതി. 23/03/2022

# നോട്ടീസ്

വിഷയം : *ആ.വ.ഡ – ജീവനക്കാര്യം - ശ്രീമതി.മിനി.പി.വർഗ്ഗീസ് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് 1 , സിഎച്ച് സി ഉള്ളനാട് കോട്ടയം - സീനിയോരിറ്റി പുനർ നിർണ്ണയിക്കുന്നതിനായി സമപ്പിച്ച അപേക്ഷ പരിഗണിച്ച നോട്ടീസ്- പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്*

സൂചന : *1. No.A4-13528/2021/DmOH Kottayam dtd 10/08/2021*
*2. RIA (3)28939/97/GW dtd 20.12.1997*
*3. EF4-65/98/DHS Dtd 21.3.1998*
*4. K.Dis(EF4)8895/05/DHS dtd 16.08.2005*
*5. EC5-21395/12/DHS dtd 10.12.2015.*
*6. EF4-98020/2008/DHS dtd 20.07.2021.*
*7. ES2-68571/2019/DHS dtd 30.09.2021*

കോട്ടയം ജില്ലയിലെ ഉള്ളനാട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്1 ആയ ശ്രീമതി.മിനി.പി.വർഗ്ഗീസ് സീനിയോരിറ്റി പുനർ നിർണ്ണയിക്കുന്നതിനായി പരിഗണിക്കുന്നതിലേയ്ക്ക് സമർപ്പിച്ച അപേക്ഷ സൂചന (1) പ്രകാരം കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ അയച്ചുതന്നിരിക്കുന്നു.

ശ്രീമതി മിനി പി വർഗ്ഗീസ് സൂചന (2) പ്രകാരമുള്ള പിഎസ് സി ശുപാർശയുടെയും സൂചന (3) പ്രകാരമുള്ള നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 02/04/1998 ന് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്2 ആയി ആരോഗ്യവകുപ്പിൽ സർവ്വിസിൽ പ്രവേശിച്ചു. ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്-2 പട്ടികയിൽ റാങ്ക് നം.14 ആയി ഉൾപ്പെട്ടിട്ടുണ്ട്. സൂചന(4) പ്രകാരം പ്രോബേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. (.w.e.f 21/09/2000).

06/09/2001 മുതൽ 29/09/2003 വരെയുള്ള കാലയളവിൽ LWA for Study purpose എടുത്തിട്ടുണ്ട്. 31.07.2008 മുതൽ 10.05.2012 വരെയുള്ള കാലയളവിൽ ട്രീറ്റ്മെന്റ് ആവശ്യത്തിനായി എടുത്ത അവധി ഉത്തരവ് നം.ഇസി5- 21395/12/ആ.വ.ഡ തീയതി 10/02/2015 പ്രകാരം Non duty ആയി ക്രമീകരിച്ചിട്ടുള്ളതുമാണ്. 11.05.2012 ന് അവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുള്ളതും നാളിതുവരെ സർവ്വീസിൽ തുടരുകയും ചെയ്യുന്നു.

ഉത്തരവ് നം.ഇഎഫ്4-105241/99/ആവഡ/തീയതി 09/08/2004 പ്രകാരം ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്2 റാങ്ക് നം 1 മുതൽ 19 വരെയുള്ളവരെ ഗ്രേഡ്1 മാരായി പ്രമോട്ട് ചെയ്തപ്പോൾ റാങ്ക് നം.14 ആയ ശ്രീമതി.മിനി പി വർഗ്ഗീസ് പ്രൊബേഷൻ കാലയളവ്

പൂർത്തിയാക്കിയിരുന്നുവെങ്കിലും പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാതിരുന്നതിനാൽ ഗ്രേഡ്1 ആയി പ്രമോട്ട് ചെയ്തിരുന്നില്ല.

സൂചന(6) ഉത്തരവ് പ്രകാരം ശ്രീമതി.മിനി.പി.വർഗ്ഗീസിന് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്1 ആയി പ്രമോഷൻ നൽകിയിട്ടുണ്ട് . ശ്രീമതി .മിനി.പി വർഗ്ഗീസ് ലീവിൽ പ്രവേശിച്ച തീയതി 06/09/2001. ആയത് പ്രൊബേഷൻ പൂർത്തീകരിച്ചതിനുശേഷം ( 21/09/2000) ആയതിനാൽ ടിയാരിക്ക് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്1 പ്രമോഷൻ w.e.f 01/11/2000കണക്കിലെടുത്ത് (ജൂനിയറിന് പ്രമോഷൻ നൽകിയതനുരിച്ച് ) സീനിയോരിറ്റി നൽകാവുന്നതാണ്.

ഈ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ ഉള്ളനാട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്1 ആയ ശ്രീമതി.മിനി.പി വർഗ്ഗീസിന് സൂചന(7) പ്രകാരമുള്ള ആരോഗ്യവകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്1 മാരുടെ സീനിയോരിറ്റി പട്ടികയിൽ **22 A** (w.e.f 01/11/2000)എന്ന സ്ഥാനം നൽകി ഇതിനാൽ നോട്ടീസ് പുറപ്പെടുവിക്കുന്നു.

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം രേഖാമൂലം ഉചിതമാർഗ്ഗേണ ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

(ഒപ്പ്)

**ഡോ.ഷിനു.കെ.എസ്**

**അഡീഷണൽ ഡയറക്ടർ(മെഡിക്കൽ)** i/c

സ്വീകർത്താവ്

ശ്രീമതി.മിനി പി വർഗ്ഗീസ്,
ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്1
സാമൂഹികാരോഗ്യകേന്ദ്രം
ഉള്ളനാട്, കോട്ടയം.

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഇ-മെയിൽ മുഖേന)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. എഫ്. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

**// ഉത്തരവിൻപ്രകാരം//**

സീനിയർസൂപ്രണ്ട്